"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

<u>സംഗ്രഹം</u>

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ- മഞ്ഞപ്ര മാവേലി സ്റ്റോർ ജീവനക്കാരനായി സേവനമനുഷ്ഠിച്ചിരുന്ന അബ്ദുൽ ഷുക്കൂറിന്റെ (Late) ബാധ്യത തുക എഴുതിത്തള്ളുന്നതിന് അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.258/2026/F&CS തീയതി,തിരുവനന്തപുരം, 03-10-2026

---

പരാമർശം:- 1. സ.ഉ. (അച്ചടി) നം. 107/2017/ധന തീയതി 07/08/2017

2. സ.ഉ. (സാധാ) നം. 136/2025/F&CS തീയതി 09/05/2025

3. സപ്ലൈക്കോ മാനേജിംഗ് ഡയറക്ടറുടെ 18/02/2026 തീയതിയിലെ KSCSC/441/2024-D27(DISP) നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

1996-2000 കാലയളവിൽ സപ്ലൈകോ പെരുമ്പാവൂർ ഡിപ്പോയുടെ കീഴിലുള്ള മഞ്ഞപ്ര മാവേലി സ്റ്റോറിലെ ഔട്ട്ലെറ്റ് OIC ആയിരുന്ന അബ്ദുൽ ഷുക്കൂറിന്റെ (Late), 1,80,105.15 രൂപയുടെ (ഒരു ലക്ഷത്തി എൺപതിനായിരത്തി ഒരുനൂറ്റി അഞ്ച് രൂപ) ബാധ്യത എഴുതി തള്ളുന്നതിന് പരാമർശം (2) പ്രകാരം മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ പരാമർശം (2) പ്രകാരം വകുപ്പ് മേധാവിക്ക് ഒരു കേസിൽ പരമാവധി 1,00,000/- രൂപ വരെ മാത്രമേ എഴുതിത്തള്ളാൻ അധികാരമുള്ളൂ എന്നും, നിലവിലെ ബാധ്യതാ തുകയായ 1,80,105.15 രൂപ വകുപ്പ് മേധാവിയുടെ അധികാരപരിധിക്ക് മുകളിൽ ആയതിനാൽ, പ്രസ്തുത തുക എഴുതി തള്ളുന്നതിനു പ്രത്യേക അനുമതി നൽകണമെന്ന് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (2) സർക്കാർ ഉത്തരവിലെ രണ്ടാം ഖണ്ഡികയിൽ ".... ടിയാളുടെ ബാധ്യത തുകയായ 1,80,105.15 രൂപ (ഒരു ലക്ഷത്തി എൺപതിനായിരത്തി ഒരുനൂറ്റി അഞ്ച് രൂപ) എഴുതിത്തള്ളുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി സപ്ലൈക്കോ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു" എന്നത് " *.... ടിയാളുടെ ബാധ്യത തുകയായ 1,80,105.15 രൂപ (ഒരു ലക്ഷത്തി എൺപതിനായിരത്തി ഒരുനൂറ്റി അഞ്ച് രൂപ) എഴുതിത്തള്ളുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു*" എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3. പരാമർശം (2) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JISHA T JOSHUA

ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / ഇ&എ) കേരള, തിരുവനന്തപുരം.
ധനകാര്യ (പി.യു.ബി) വകുപ്പ് (നം.3057308/PU-B2/9/2025-FIN dt:19.04.2025)
നിയമ (ഉപദേശ-ഡി) വകുപ്പ് (No.8287/Opinion D2/2021/Law dt 13/08/2021)
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Veena V
Date: 03-10-2026
10:24:42

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.